## പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 159** — **22.03.2012 - ൽ മറുപടിയ്ക്ക്**

## സ്വകാര്യമേഖലയിലെ മെഡിക്കൽ കോളേജുകൾക്ക് പോസ്റ്റ്മോർട്ടം ചെയ്യാനുള്ള അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>,, മുല്ലക്കര രത്നാകരൻ<br>,, കെ. അജിത്<br>,, വി. ശശി | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സ്വകാര്യ മേഖലയിലെ മെഡിക്കൽ കോളേജുകൾക്ക് പോസ്റ്റ്മോർട്ടം ചെയ്യാനുള്ള അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മെഡിക്കൽ കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന് പോസ്റ്റ്മോർട്ടം ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഈ ഓരോ മെഡിക്കൽ കോളേജിന്റെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) കൊച്ചി സിറ്റിയിൽ പാലാരിവട്ടം, ഇടപ്പള്ളി ട്രാഫിക്, ചേരാനല്ലൂർ എന്നീ പോലീസ് സ്റ്റേഷനുകളും എറണാകുളം റൂറലിൽ വരാപ്പുഴ, നോർത്ത് പറവൂർ, ബിനാനിപുരം, വടക്കേക്കര, മുനമ്പം എന്നീ പോലീസ് സ്റ്റേഷനുകളും അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ പരിധിയിൽ വരുന്നു. |

(സി) ഈ മെഡിക്കൽ കോളേജുകളിൽ പ്രതിവർഷം എത്ര പോസ്റ്റ്മോർട്ടം വീതം ഇപ്പോൾ നടക്കുന്നുണ്ട് ;

(സി) അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നടത്തിയിട്ടുള്ള പോസ്റ്റ്മോർട്ടങ്ങളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| **വർഷം** | **പോസ്റ്റ്മോർട്ടങ്ങളുടെ എണ്ണം** |
|---|---|
| 2007 | 4 |
| 2008 | 6 |
| 2009 | 7 |
| 2010 | 1 |
| 2011 | 3 |
| 2012 | 2 |
| **ആകെ** | **23** |

(ഡി) സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് പോസ്റ്റുമോർട്ടം നടത്താനുള്ള അനുമതി നൽകുന്നത് റിപ്പോർട്ടുകൾ കെട്ടിച്ചമയ്ക്കാൻ ഇടയാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ